പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3464 09/04/2013 ൽ മറുപടിക്ക്

## പ്രധാന പാതകളോടുചേർന്നുള്ള ഭൂമി ഉപയുക്തമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന പാതകളോടുചേർന്ന് ഉപയോഗിക്കാതെ അവശേഷിക്കുന്ന ഭൂമി ഹോട്ടലുകളടക്കമുള്ള വ്യാപാര സമുച്ചയങ്ങൾക്കായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) & (ബി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്റ്റേറ്റ് ഹൈവേകൾ, മറ്റു പ്രധാന റോഡുകൾ എന്നിവയുടെ വശങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സർക്കാർ ഭൂമിയിൽ (ഓക്സ്ബോ ലാന്റ്) ദീർഘദൂരയാത്രക്കാർക്ക് പ്രയോജനകരമായ വഴിയോര വിശ്രമകേന്ദ്രങ്ങൾ ഒരുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഈ വഴിയോര വിശ്രമകേന്ദ്രങ്ങളിൽ ഭക്ഷണശാലകൾ, വൃത്തിയും ശുചിത്വവുമുള്ള ശൗചാലയങ്ങൾ. പെട്രോൾ പമ്പുകൾ, അപകടശുശ്രൂഷ കേന്ദ്രങ്ങൾ, ആംബുലൻസ് സംവിധാനങ്ങൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള സൗകര്യങ്ങൾ മുതലായവ ഏർപ്പെടുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പ്രസ്തുത വികസന പ്രവർത്തനങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയും, കുടുംബശ്രീ പോലുള്ള മറ്റ് സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടിയും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. പാതയോരങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സർക്കാർ ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാനും സർക്കാരിന് ഒരു വരുമാനമാർഗ്ഗം ഉണ്ടാക്കാനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ? | |

സെക്ഷൻ ഓഫീസർ